പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 2105

11.06.2018 ൽ മറുപടിയ്ക്ക്

# മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ. ബഷീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാന പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ മുതൽ നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ തുടരുന്നവരുമായ ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ: | (എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ-മാരായി നേരിട്ട് നിയമനം ലഭിക്കുകയും അപ്രകാരം നിയമനം ലഭിച്ച് പ്രൊമോഷനായി സർവ്വീസിൽ തുടരുന്ന ഉദ്യോഗസ്ഥരുടെയും അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ചുവടെ ചേർക്കുന്നു.<br>1) ഡിഗ്രി/ഡിപ്ലോമ ഇൻ ആട്ടോമൊബൈൽ/മെക്കാനിക്കൽ എഞ്ചിനീയറിംഗ്.<br>2) ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം.<br>3) ഡിപ്ലോമ ഉള്ളവർക്ക് ഏതെങ്കിലും സർക്കാർ അംഗീകാരമുള്ള വർക്ക് ഷോപ്പിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയവും, ബി-ടെക് ബിരുദധാരികൾക്ക് ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.<br><br>ഹവിൽദാർ മെക്കാനിക്കിൽ നിന്നും പ്രൊമോഷൻ ലഭിച്ച് സർവ്വീസിൽ തുടരുന്ന മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെ |

അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി, ഐ.റ്റി.ഐ കൂടാതെ ഹെവി ഡ്യൂട്ടി ഡ്രൈവിംഗ് ലൈസൻസ്, ഹവിൽദാർ മോട്ടോർ മെക്കാനിക്കായി മൂന്നു വർഷത്തെ സേവനം എന്നിവയാണ്.

(ബി) സംസ്ഥാന പോലീസ് മേധാവിയുടെ S29/48002/17 കത്ത് പ്രകാരം പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് യൂണിറ്റിൽ സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും ഇക്കാര്യത്തിൽ തുടർനടപടി എപ്പോൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

(ബി) യും (സി) യും: സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

Rajani

സെക്ഷൻ ഓഫീസർ